**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1351** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ രണ്ട് അദ്ധ്യയന വർഷങ്ങളിൽ നേരിട്ടുള്ള ക്ലാസ്സുകൾ വളരെ കുറച്ച് മാത്രം ലഭിച്ചത് കാരണം ഉണ്ടായ വിടവ് നികത്തുന്നതിന് പ്രത്യേക പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ഈ അദ്ധ്യയന വർഷത്തെ അവധിക്കാല അദ്ധ്യാപക സംഗമത്തിൽ ഈ വിഷയം പ്രധാന ഉള്ളടക്കമേഖലയായി പരിഗണിച്ചുകൊണ്ടുള്ള പ്രത്യേക പരിശീലന പരിപാടിയാണ് നടന്നത്. "കുട്ടിയെ അറിയുക" എന്ന പ്രധാന ആശയത്തെ അടിസ്ഥാനമാക്കിയാണ് ഈ വർഷത്തെ അദ്ധ്യാപക ശാക്തീകരണം നടത്തിയത്. കുട്ടികളുടെ മാനസികവും, സാമൂഹികവും, അക്കാദമികവുമായ വിടവ് കണ്ടെത്തി പരിഹരിക്കുന്നതിന് സ്കൂൾ തുറന്നുള്ള ആദ്യഘട്ടങ്ങളിൽ പ്രത്യേക പഠന പിന്തുണാ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ ഈ വിഷയവുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇടപെടലുകളും നടന്നുവരുന്നു. അടിസ്ഥാന ഭാഷശേഷി വികസനം, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ ഉണ്ടായിട്ടുള്ള പഠനവിടവ് പരിഹരിക്കുന്നതിനുള്ള പദ്ധതികൾ S.S.Kആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെയും പിന്നാക്ക മേഖലയിലുള്ള കുട്ടികളുടെയും പഠന മികവ് മെച്ചപ്പെടുത്താൻ പദ്ധതി ഉണ്ടോ; | (ബി) | ഉണ്ട്, കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ കണ്ടെത്തുന്നതിനും പിന്നോക്ക മേഖലയിലുള്ള കുട്ടികളുടെ പഠന മികവ് മെച്ചപ്പെടുത്തുവാനും ആവശ്യമായ പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി. യുടെ അക്കാദമിക പിന്തുണയോടെ സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. ആദിവാസി, ഗോത്ര മേഖലകളിൽ നിരവധി പിന്തുണാ പ്രവർത്തനങ്ങൾ നൽകി വരുന്നു. പഠന പ്രയാസം നേരിടുന്ന കുട്ടികൾക്കും പിന്നാക്ക |

| | | | |
|---|---|---|---|
| | | | മേഖലയിലുള്ള കുട്ടികളുടെയും പഠനമികവ് മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| (സി) | ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സജീവമായ കർമ്മപദ്ധതിയാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. സ്കൂളുകളുടെ ഭൗതികനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിവിധ ഏജൻസികളുടെയും കിഫ്ബിയുടെയും സഹകരണത്തോടെ മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള സ്കൂൾ കെട്ടിടങ്ങള് നിർമ്മിച്ചു വരുന്നു. ക്ലാസ് മുറികൾ ഹൈടെക്ക് ആക്കിമാറ്റാൻ കംപ്യൂട്ടറുകളുടെയും, ലാപ് ടോപ്പുകളുടെയും, ഇതര അനുബന്ധസാമഗ്രികളുടെയും വിതരണം, സ്കൂൾ കാമ്പസ് നവീകരണം, സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം തയ്യാറാക്കൽ, വിദ്യാലയങ്ങളിൽ ബട്ടർഫ്ളൈ പാർക്ക് തുടങ്ങി വിവിധ രീതികളിൽ സ്കൂളുകളിൽ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുന്നു. വിദ്യാലയങ്ങളിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ മുഴുവൻ അധ്യാപകർക്കും (പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി) പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് കുട്ടികൾക്കുണ്ടായ പഠനവിടവ് പരിഹരിക്കുന്നതിനും സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും അനുയോജ്യമായ കഴിവുകൾ അധ്യാപകരിൽ വികസിപ്പിക്കുക എന്നത് ലക്ഷ്യമിട്ടാണ് പരിശീലനം സംഘടിപ്പിച്ച് വരുന്നത്. വലിയൊരു വിഭാഗം അധ്യാപകർക്ക് അവധിക്കാലത്തുതന്നെ പരിശീലനം നൽകി കഴിഞ്ഞു. 'കുട്ടിയെ അറിയുക' എന്ന് അടിസ്ഥാന ലക്ഷ്യത്തിലൂന്നിയാണ് അധ്യാപക ശാക്തീകരണം നടത്തുന്നത്. സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ ചുവടെപറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>(1) ഭാഷാ നൈപുണി വർദ്ധിപ്പിക്കുന്നതിന് വായനാച്ചങ്ങാത്തം, മലയാളത്തിളക്കം, ഹലോഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പരിപാടികളും തമിഴ്, കന്നട ഭാഷകളിലുള്ള പരിപാടികളും നടപ്പിലാക്കി വരുന്നു.<br><br>(2) ശാസ്ത്രാഭിരുചി വളർത്തുന്നതിനും ഗവേഷണാത്മക പഠനത്തിന് പ്രാധാന്യം നൽകുന്നതിനുമായി |

| | | | |
|---|---|---|---|
| | | | ശാസ്ത്രപാർക്ക്, ശാസ്ത്രപഥം, ടിങ്കറിംഗ് ലാബ്, ശാസ്ത്രകിറ്റുകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.<br><br>(3) ഗണിതശേഷി വികസിപ്പിക്കുന്നതിനും ഗണിതം ആസ്വദിച്ച് പഠിക്കുന്നതിനും ഉല്ലാസഗണിതം, ഗണിതവിജയം, ഗണിതകിറ്റ്, ഗണിതലാബ്, ഗണിതപാർക്ക്, ഗണിതോത്സവം, അളക്കാം പഠിക്കാം തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നു.<br><br>(4) സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ മികവ് പുലർത്തുന്നതിന് ഭൂമിശാസ്ത്രലാബ്, സ്കൂൾ വെതർ സ്റ്റേഷൻ, പ്രാദേശിക ചരിത്രരചന, ഫിനാൻഷ്യൽ ലിറ്ററസി, കൊമേഴ്സ് വിഷയവുമായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നു.<br><br>(5) ലീഡർഷിപ്പ് എൻഹാൻസ് മെന്റ് പ്രോഗ്രാമുകൾ, വർക്ക് എഡ്യൂക്കേഷൻ, പ്രാദേശിക പ്രതിഭാകേന്ദ്രങ്ങളും, ഊരു വിദ്യാകേന്ദ്രങ്ങളും കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ